**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4071 | 16.05.2017-ൽ മറുപടിക്ക് |
|---|---|
| **നഗരങ്ങളിലെ വാഹന പാർക്കിങ്** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.കെ. രാജൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) നഗരങ്ങളിൽ വാഹന പാർക്കിംഗിനായി പ്രത്യേക നയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br><br>(സി) ഭൂമിയുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ ബഹുനില പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുമോ? | (എ) യും (ബി) യും (സി) യും<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തെ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതി മാർഗ്ഗരേഖ 03.04.2017 ലെ ജി.ഒ(എം.എസ്) നം.79/2017/തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പാർക്കിംഗ് സൗകര്യങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.<br>നഗരപ്രദേശങ്ങളിലെ വാഹന പാർക്കിംഗിന് ഒരു നയം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നഗരത്തിലും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഭൂമിയുടെ ലഭ്യത കുറവുള്ള പട്ടണങ്ങളിൽ വാഹന ബാഹുല്യം വളരെ കൂടുതലുണ്ടെങ്കിൽ മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇപ്പോൾ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ആവശ്യം മറ്റു പാർക്കിംഗിന്റെ ഏകദേശം അറുപത് ശതമാനത്തോളം വേണ്ടി വരുന്നതായാണ് കാണുന്നത്. അതിനാൽ കാർ പാർക്കിംഗ് സൗകര്യങ്ങളുടെ അത്രതന്നെ ഇരുചക്രവാഹന പാർക്കിംഗ് സൗകര്യങ്ങൾ നൽകേണ്ടതാണ്. പാർക്കിംഗിന്റെ ആവശ്യം രണ്ടു തരത്തിലാണ്. 30 മിനിട്ട് മുതൽ രണ്ടു മണിക്കൂർ വരെ സമയപരിധിയിലുള്ള Short Duration Parking ഉം നീണ്ട സമയത്തേക്കുള്ള Long Duration Parking ഉം. പൊതുസ്ഥലങ്ങളിലെ പാർക്കിംഗിന് പാർക്കിംഗ് ഫീസ് ഈടാക്കണം. ഇത് നഗരസഭയുടെ അധികാര പരിധിയിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ